## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 3209** **24.02.2016 ൽ മറുപടിയ്ക്ക്**

## റബ്ബറിന്റെ വിലത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം :<br>ശ്രീ. കെ.സുരേഷ് കുറുപ്പ് :<br>ശ്രീ. സാജു പോൾ :<br>ശ്രീ. ജെയിംസ് മാത്യു : | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) വിലത്തകർച്ചയിൽ നിന്നും റബ്ബർ കർഷകരെ രക്ഷിക്കാനായി ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനായി ഓരോ ഘട്ടത്തിലും നടത്തിയ പ്രഖ്യാപനങ്ങളും അവയിന്മേൽ സ്വീകരിച്ച നടപടികളും നേട്ടങ്ങളും വിശദമാക്കുമോ ;<br><br>(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും റബ്ബർ സംഭരണത്തിനായി പ്രഖ്യാപിച്ച തുകയും നീക്കിവെച്ച തുകയും എത്ര വീതമായിരുന്നു; സംഭരണ ലക്ഷ്യവും നേട്ടവും വിശദമാക്കുമോ; | (എ) & (ബി) സ്വാഭാവിക റബ്ബറിന് വില താഴ്ന്നു നിന്ന സാഹചര്യത്തിൽ സ.ഉ. (എം.എസ്) നം.56/2014/കൃഷി തീയതി 25.02.2014 പ്രകാരമാണ് റബ്ബർ സംഭരണം ആരംഭിച്ചത്. ടി പദ്ധതിപ്രകാരം _ സംഭരണ ഏജൻസികളായ റബ്ബർമാർക്കും, മാർക്കറ്റ്ഫെഡും ആണ് റബ്ബർ സംഭരിച്ചിട്ടുള്ളത്. ഇതിനായി 2013-14 ൽ 4 കോടി രൂപയും 2014-15 ൽ 12 കോടി രൂപയും ഉൾപ്പെടെ ആകെ 16 കോടി രൂപ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.<br><br>റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് |

| | |
|---|---|
| | ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. ഈ പദ്ധതിയിൻ കീഴിൽ RSS IV, RSS V, Latex എന്നീ തരം റബ്ബറുകൾക്കാണ് സബ്സിഡി നൽകിവരുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ 3,47,342 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 17.02.2016 വരെ 4,72,472 സെയിൽസ് ബില്ലുകളിലായി 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ ഉല്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കിയതിലൂടെ റബ്ബറിന്റെ വിലത്തകർച്ച മൂലം കർഷകർ റബ്ബർ കൃഷി ഉപേക്ഷിക്കുന്ന പ്രവണത തടയാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് റബ്ബറിന്റെ ഏറ്റവും കൂടിയ ഉല്പാദനം ഏത് വർഷത്തിലായിരുന്നു; അത് എത്രയായിരുന്നു; നിലവിൽ എത്ര? | (സി) സംസ്ഥാനത്ത് റബ്ബറിന്റെ ഏറ്റവും കൂടിയ ഉല്പാദനം 2012-13 വർഷത്തിലാണ്. 2012-13 വർഷത്തിലെ റബ്ബർ ഉല്പാദനം 800050 ടൺ ആണ്.<br>മുൻ വർഷത്തിൽ (2014-15) 507700 ടൺ റബ്ബർ ഉല്പാദിപ്പിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**